# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

ഗവ: യു.പി.എസ്. പൂജപ്പുര.

# ആമുഖം

An academic masterplan is a comprehensive road map that outlines the future direction of a school's academic programmes, curiiculum, and overall educational Strategy. The plan begins by reaffirming the school's mission, vision and core values which reflect its commitment fostering student learning, personal growth and academic excellence. These foundational elements serve as guiding principles for everyaspect of the plan. The plan focuses on aligning the curriculum with current educational standards, preparing and equipping the students with essential skills for future careers. The plan also emphasizes the integration of digital tools into the learning environment.

## വിദ്യാലയത്തിലെ അക്കാദമികവും മറ്റ് പ്രവർത്തനങ്ങളും

ഏകോപിപ്പിച്ചുകൊണ്ട് പോകാനായി നിയതമായ ഒരു ചട്ടക്കൂട് ആവശ്യമാണ് എന്ന ബോധ്യത്തിന്റെ വെളിച്ചത്തിൽ കൃത്യമായ പ്രവർത്തന പദ്ധതികളിലേക്ക് ഈ വർഷവും കടന്നു. അതനുസരിച്ച് 2024 മെയ് മാസം ഞങ്ങൾ എസ്.ആർ.ജി യോഗം ചേരുകയും വിവിധ വിഷയങ്ങളിൽ ഈ വർഷം സ്വീകരിക്കേണ്ടുന്ന പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. മാസ്റ്റർപ്ലാൻ നിർവഹണത്തിനായി ഒരു കമ്മറ്റി രൂപീകരിച്ചു. 2025 ജൂൺ മാസത്തിൽ തന്നെ പ്രവർത്തന പദ്ധതികൾ രൂപീകരിക്കുവാൻ നിർദേശിക്കപ്പെട്ടു. സ്കൂളിലെ ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസുകളിലെ എല്ലാ അധ്യാപകരും ഒരാഴ്ചയ്ക്കുള്ളിൽ അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ ആസ്പദമാക്കി ലക്ഷ്യങ്ങളും പ്രവർത്തന പദ്ധതികളും ഉൾക്കൊള്ളുന്ന ഒരു രൂപരേഖ തയ്യാറാക്കുവാൻ ആവശ്യപ്പെട്ടു. അങ്ങനെ വിവിധ വിഷയങ്ങളുടേതായ തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തന പദ്ധതികൾ അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമായിത്തീർന്നു.

## സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല - തിരുവനന്തപുരം.
2. സ്കൂൾ കോഡ് - 43243.
3. സ്കൂളിന്റെ പേര് - ഗവ: യു. പി. എസ്. പൂജപ്പുര.
4. മേൽവിലാസം - പൂജപ്പുര. പി. ഒ<br>പരീക്ഷാഭവനു സമീപം<br>പൂജപ്പുര.
5. UDISE - 32141101003
6. ഇ-മെയിൽ - gupspoojappura@gmail.com
7. വിദ്യാഭ്യാസ ജില്ല - തിരുവനന്തപുരം
8. ഉപജില്ല - തിരുവനന്തപുരം സൗത്ത്

ക്ലാസുകൾ - ഒന്നു മുതൽ ഏഴു വരെ

ആമുഖം

തിരുവനന്തപുരം ജില്ലയുടെ നഗര പ്രദേശത്ത് ചരിത്രം ഉറങ്ങുന്ന സ്ഥലമായിരുന്നു പൂജപ്പുര. തിരുവിതാംകൂർ രാജവംശവുമായി, പൂജപ്പുരയുടെ ചരിത്രം ബന്ധപ്പെട്ടിരിക്കുന്നു. പൂജപ്പുരക്ക് സമീപം വലിയൊരു കോട്ടയും ഒരു പൂജാസ്ഥലവുമുണ്ടായിരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിന്റെ ഒരു വലിയ ഭൂപ്രദേശം പൂജപ്പുരയിൽ ഉൾപ്പെടുന്നു. എസ്. സി. ഇ. ആർ. ടി., KITE VICTERS, പൂജപ്പുര മണ്ഡപം, സ്റ്റേഡിയം, എൽ.ബി.എസ്. എഞ്ചിനിയറിംഗ് കോളേജ്, ശിശുക്ഷേമ വകുപ്പ് തുടങ്ങിയ വിവിധ കേന്ദ്രങ്ങൾ പൂജപ്പുരയിൽ ഉൾപ്പെടുന്നു.

പ്രീ-പ്രൈമറി മുതൽ ഏഴാം തരം വരെ ഉൾപ്പെടുന്ന ക്ലാസുകൾ ഉൾപ്പെടുന്ന നമ്മുടെ വിദ്യാലയം അക്കാദമിക രംഗത്തും കലാരംഗത്തും ഡിജിറ്റൽ രംഗത്തും ഒരുപോലെ മികവ് തെളിയിച്ചു വരുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വിവിധ ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ

ഉണ്ടാകുന്ന വർധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിറുത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുമാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്.

## അക്കാദമിക പരിമിതികൾ

- വിദ്യാഭ്യാസരംഗത്തെ തുല്യത, ഗുണത എന്നിവ ഊട്ടിഉറപ്പിക്കേണ്ടതുണ്ട്.
- ആധുനിക സാങ്കേതികവിദ്യയുടെ വിവിധസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കഴിയേണ്ടതുണ്ട്.
- ഗുണമേന്മാവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി പഠനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്
- ജീവിതനൈപുണിയും തൊഴിൽപരിശീലനവും കുട്ടികളിൽ എത്തിച്ചുകൊണ്ട് പരിശീലനം നൽകുന്നതിൽ ചില പരിമിതികൾ ഇന്നും നിലനിൽക്കുന്നു.
- SRG, SSG, MPTA ശക്തിപ്പെടേണ്ടതുണ്ട്
- ജൈവവൈവിധ്യ പാർക്ക്, ആരോഗ്യകായിക പരിശീലനങ്ങൾ ഇവയ്ക്ക് സ്ഥലപരിമിതി തടസ്സമായി നിൽക്കുന്നു.

## ലക്ഷ്യങ്ങൾ

- വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക.
- കുട്ടികളുടെ പഠനതാത്പര്യത്തെയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധനപ്രക്രിയ നടത്തുക.
- അതത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പു വരുത്തുക.
- ലഭ്യമായ ഐ.സി.ടി. സംവിധാനങ്ങൾ ക്രിയാത്മകമായി ഉപയോഗിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- വിവിധ ലാബുകൾ സജ്ജമാക്കുക.
- പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- പ്രാദേശിക പഠന വിഭവങ്ങളെ പഠനപ്രവർത്തനവുമായി വിളക്കിച്ചേർക്കുക.
- പ്രാദേശിക പഠന വിഭവങ്ങളെ പഠനപ്രവർത്തനവുമായി വിളക്കിച്ചേർക്കുക. → *(see note)*

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

| അക്കാദമികം | ഭൗതികം | സാമൂഹികം, |
| --- | --- | --- |
| • റിസോഴ്സ് അധ്യാപകരുടെ കുറവ്.<br>• അടിസ്ഥാന ശേഷി വികസനത്തിൽ നിലനിൽക്കുന്ന അഭാവം<br>• ഭാഷാവിഷയങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ.<br>• വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം<br>• കലാകായികപ്രവർത്തനങ്ങളിൽ പങ്കാളിത്തം പൂർണമായി ഉണ്ടാകുന്നില്ല.<br>- ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല. | • റിസോഴ്സ് റൂമുകളുടെ അഭാവം.<br>• കളിസ്ഥലത്തിന്റെ അപര്യാപ്തത<br>• കാലഹരണപ്പെട്ട ശുചിമുറികൾ<br>• മാലിന്യസംസ്കരണത്തിൽ നേടുന്ന വെല്ലുവിളി<br>• കലാകായിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം ഇപ്പോഴും ലഭ്യമാവുന്നില്ല. | • ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളുടെ പ്രശ്നങ്ങളിൽ കാര്യമായ സാമൂഹിക ഇടപെടലുകൾ ഉണ്ടാവുന്നില്ല.<br>• പൂർവവിദ്യാർത്ഥി സംഘടന പൂർവഅധ്യാപകസംഘടന ഇവരുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.<br>• പ്രാദേശിക വിഭവപടം തയ്യാറാക്കി ലഭ്യമായ വ്യക്തികളുടെ സഹായം തേടുന്നില്ല. |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## മേഖല – മലയാളം

| മേഖല | പ്രവർത്തനങ്ങൾ | കാലാവധി | സാമ്പത്തികം/ചുമതല. |
|---|---|---|---|
| 1. മധുരം – മലയാളം<br>ഭാഷാപരമായ അടിസ്ഥാന ശേഷി വികസനം | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു<br>പഠനപിന്നോക്കം അവശ്യമായ 5,6,7 കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ, PDF -.<br>മലയാളം ക്ലാസുകളിൽ വർക്ക്ഷീറ്റുകൾ തുടർപ്രവർത്തനമാക്കൽ<br>വായന മൂല സജ്ജീകരിക്കൽ - വിവിധ നിലവാരക്കാർക്ക് അനുയോജ്യമായ ബാലസാഹിത്യ കൃതികൾ ലഭ്യമാക്കൽ. | 2024 ജൂൺ മുതൽ<br>2025 മാർച്ച് വരെ. | ക്ലാസ് അധ്യാപകർ<br>മലയാളം അധ്യാപകർ |

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|---|
| 2. | പദ സമ്പത്ത് വർധിപ്പിക്കുന്നു. | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന ഈരടികൾ ചൊല്ലി അക്ഷര ശുദ്ധി വരുത്തുന്നു | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ |
| 3. | അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുന്നു. | സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ വായിക്കാൻ a) ഒഴുക്കോടെ b) ശബ്ദനിയന്ത്രണം c) ഭാവം ഉൾക്കൊണ്ട് | | |
| 4. | ശില്പശാല കലാവാസന പരിപോഷിപ്പിക്കുന്നു. | ലഘു നാടകങ്ങൾ അവതരിപ്പിക്കാൻ പ്രാപ്തരാക്കുന്നു. | | |
| 5. | ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ. | 'പൂത്തുമ്പി' മുതലായ ലഭ്യമായ ഭാഷാവിഭവങ്ങൾ ഐസിടി, സ്മാർട്ട് ടി.വി ഉപയോഗപ്പെടുത്തി ഒഴിവുസമയങ്ങളിൽ പരിശീലിപ്പിക്കുന്നു. | | |

| മേഖല | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ. | ക്ലാസ് അസംബ്ലികളിൽ മികച്ച ആസ്വാദനക്കുറിപ്പ് കണ്ടെത്തി അവതരിപ്പിക്കാൻ അവസരം. | വർഷം തോറും | ഭാഷാ അധ്യാപകർ |
| ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തൽ | ലൈബ്രറി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, പുസ്തക വിതരണം ഇവയുമായി ബന്ധപ്പെട്ട് നാലുപേർ അടങ്ങുന്ന ലൈബ്രറി പോലീസ് കുട്ടികൾക്ക് പുസ്തകങ്ങൾ നല്കി വായനക്കുറിപ്പുകൾ ശേഖരിക്കുന്നു. ആനുകാലികം, ബാല സാഹിത്യം ഇവ ലഭ്യമാക്കുന്നു. | വർഷം ~~തോറും~~ മുഴുവൻ | |
| സർഗാത്മക ഡയറി തുടർപ്രവർത്തനം. | സർഗാത്മക ഡയറി എഴുത്ത് പ്രോത്സാഹിപ്പിക്കുന്നു. വാങ്മയം, വിദ്യാരംഗം പ്രവർത്തനങ്ങൾക്കായി കുട്ടികൾക്ക് പഠനത്തോടൊപ്പം പരിശീലനം നൽകുന്നു. | തുടർപ്രവർത്തനം. | വിദ്യാരംഗം ക്ലബ്ബ് |

| മേഖല/പ്രശ്നം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല. |
|---|---|---|---|
| Eradicating Ineffective ~~teaching~~ learning<br>Students are given ample opportunity to listen to stories and instructions | 1) E cube Stories ഉപയോഗപ്പെടുത്തി ഒന്നു മുതൽ 7 വരെ ക്ലാസിലെ കുട്ടികൾക്ക് ICT വഴി കഥ കേൾക്കാനും ഏറ്റുപറയാനും അവസരം.<br>2) English classകളിൽ പൂർണമായും ഇംഗ്ലീഷ് communication.<br>Students are asked to respond to the given instructions<br>Giving Language Games for enoiching their comprehension through listening. | JUNE to March.<br>വർഷം മുഴുവനും | |
| Introducing E cube levels. | Once in a month, E-cube classes | | |

| മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല. |
|---|---|---|---|
| Students are able to talk in English and handle the language in a confident way. | മാസത്തിൽ നാലു തവണ English Assembly ഒന്നു മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾ ഇംഗ്ലീഷിൽ അവതരണങ്ങൾ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുന്നതിന് അവസരം ഒരുക്കുന്നു. | ആഴ്ചയിൽ ഒന്ന്വീതം. June to March. | |
| Speaking. | Giving ample opportunity to perform role plays and choreography based on the lessons. | | |
| Reading Corner | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ / work books ഇവ വായനാമൂലയിൽ സജ്ജീകരിക്കുന്നു. | September onwards. | |

| മേഖല/വിഷയം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| Writing | പിന്നാക്കം നിൽക്കുന്ന കുഞ്ഞുങ്ങൾക്ക് 'TWINKLE' എന്ന Learning Enhancement Programme. Helping Hands എന്ന പദ്ധതിയുമായി ചേർന്ന്<br><br>making sentence cards / formation of subtext English ' Bigbook including children's works.<br><br>Dictionary making.<br><br>Diary writing<br><br>Spelling Contests. | January<br><br>February. | |

വിഷയം : ഹിന്ദി.

| മേഖല | പ്രവർത്തനം | കാലയളവ് | ഭൗതികം |
|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ്.<br>• അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ നിർമാണം<br>• വാക്യ നിർമാണം | ജൂൺ മുതൽ അഗസ്റ്റ് വരെ | അക്ഷര ചാർട്ട്<br>പാഠപുസ്തകം |
| 2. വീട് ഒരു പരീക്ഷണശാല [കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കൾ ഹിന്ദിയിൽ | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുന്നു.<br>• ICT സഹായത്തോടെ വാക്കുകളും വസ്തുക്കളും പരിശീലിക്കാവുന്ന ഉള്ള അവസരം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു. |

| മേഖല | പ്രവർത്തനം | കാലയളവ് | ആനുകം. |
|---|---|---|---|
| 3. ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം. | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ<br>* ക്ലാസ് ലൈബ്രറി<br>* അധിക വായന സാമഗ്രികൾ<br>* ചിത്ര സഹായത്തോടെ ചിത്ര കഥ തയ്യാറാക്കൽ<br>* അടിക്കുറിപ്പ്<br>* കഥ പറയൽ.<br>* ചിത്രം - കഥ എഴുതൽ - പൂർത്തിയാക്കൽ<br>* വായന മൂല<br>* ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ |

# അടിസ്ഥാനശാസ്ത്രം.

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല ഏറ്റെടുക്കുന്നവർ |
|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്വം തിരിച്ചറിയുന്നു. | ലാബ് ശാക്തീകരണം, വിഭവ ശേഖരണം ഇവ വഴി ലഘു പരീക്ഷണങ്ങൾ നടത്തുന്നു.<br>ശാസ്ത്രകിറ്റ് നിർമ്മിക്കുന്നു.<br>പരീക്ഷണ ശേഖരം.<br>ജൈവവൈവിധ്യരജിസ്റ്റർ നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ. | സയൻസ് അധ്യാപിക അധ്യാപകർ |
| 2. കൃഷിയോടും പരിസ്ഥിതിയോടുമുള്ള അഭിരുചി കുട്ടികളിൽ വളർത്തുന്നതിന് | * ഫീൽഡ് ട്രിപ്പ്<br>* നിരീക്ഷണക്കുറിപ്പ് തയ്യാറാക്കി സൂക്ഷിക്കൽ | ശാസ്ത്രമേളകൾ<br>ഒക്ടോബർ നവംബർ | |
| 3. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കൽ, ഉപകരണ നിർമ്മാണ | സ്കൂൾ ശാസ്ത്രലാബ് വിപുലീകരണം<br>ശില്പശാലകൾ സംഘടിപ്പിച്ച് പഠനോപകരണ നിർമ്മാണം<br>ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാനും ഉപയോഗിക്കാനുമുള്ള ശേഷി വികസനം. | | |

| മേഖല | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട സംഭവങ്ങൾ, ഇവ അറിയാനവസരം | * ക്ലാസിൽ സോഷ്യൽ സയൻസ് ലാബ്<br>* സാമൂഹ്യ ശാസ്ത്ര ലൈബ്രറി<br>* ദിനാചരണങ്ങൾ, പ്രശ്നോത്തരി സംഘടിപ്പിക്കൽ. | | S.S Teacher |
| ജനാധിപത്യ മൂല്യങ്ങൾ സാമൂഹ്യ ശാസ്ത്രത്തിന്റെ ഭാഗമാകുന്നു. | സ്കൂൾ പാർലമെന്റ് ഇലക്ഷൻ പൂർണ്ണതോതിൽ നടപ്പാക്കൽ. | ജൂലൈ. ജൂൺ മുതൽ മാർച്ച് വരെ. | |
| ICT | റിസോഴ്സ് കണ്ടെത്തി ICT അധിഷ്ഠിതമായി പഠിപ്പിക്കൽ. Inclusive | | |
| പഠനയാത്ര | പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | | |

| ലക്ഷ്യം/മേഖല | | ഗണിതം നടത്തേണ്ട കാലയളവ്. | ചുമതല കാര്യകർത്താക്കൾ. |
|---|---|---|---|
| 1. ഗണിത പഠനം രസകരവും ആകർഷകവുമാക്കുക. ഗണിതശേഷികൾ പഠിതാക്കൾക്കെല്ലാവർക്കും ഉറപ്പുവരുത്തുക. | * ഗണിതലാബ്<br>* ഗണിതകേളികൾ<br>* ഗണിതക്വിസ്<br>* ഗണിത മാഗസിൻ<br>* ഗണിതപ്പെട്ടി. | വർഷം മുഴുവനും | ഗണിതാധ്യാപിക. |
| 2. മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും | തുടർ പ്രവർത്തനങ്ങളിലൂടെ പ്രതിഭകളെ കണ്ടെത്തുന്നു. NUMATS, TALENT SEARCH | | |
| അടിസ്ഥാന ഗണിതശേഷികൾ ഉറപ്പുവരുത്തുന്നു. | നമ്പർ കാർഡുകൾ<br>മുത്തുകൾ<br>മഞ്ചാടിക്കുരു- ഇവ ഉപയോഗിക്കൽ | ജൂൺ മാസം. | |

## ആരോഗ്യ കായിക വിദ്യാഭ്യാസം./പ്രവൃത്തിപരിചയം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം. |
|---|---|---|---|
| കായിക ക്ഷമതയുള്ള സമൂഹത്തെ വളർത്തിയെടുക്കുക. | കായിക ക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക.<br>കുട്ടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക. | | |
| ശരിയായ ഭക്ഷണ ശീലം | * ആരോഗ്യ ക്ലാസുകൾ<br>* ബോധവൽക്കരണം<br>* ഫിൽമ് ടെസ്റ്റ്. | | |
| പ്രവൃത്തി പരിചയം | പ്രാദേശിക വിഭവ ശേഖരണം.<br>നിർമ്മാണങ്ങളിൽ സംഘടിപ്പിക്കൽ [കുട, സോപ്പ്] | | |

## ഐ.ടി.

| മേഖല | പ്രവർത്തനം | കാലാവധി | ചുമതല. |
|---|---|---|---|
| ഐസിടി പഠനം, ലഭ്യമായ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. | KITE - VICTERS മായി സഹകരിച്ചുകൊണ്ട് ലാബ് നവീകരണം.<br>പ്രൊജക്ടറുകൾ, ആവശ്യമായ ലാപ്ടോപ്പുകൾ ഇവ ഉപയോഗിച്ച് ICT പഠനം വ്യത്യസ്തമായ അനുഭവമാക്കുന്നു.<br>ഇൻക്ലൂസിവ് പഠനം. | ജൂൺ<br>വർഷം തോറും | PSITC<br>കമ്പ്യൂട്ടർ അധ്യാപിക.<br>പരിശീലകർ, |
| സർഗശേഷി വികസിപ്പിക്കാനവസരം | മലയാളം ടൈപ്പിംഗ്<br>ക്ലാസ് ഗ്രൂപ്പുകളായിത്തിരിച്ച് തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾ നൽകുന്നു.<br>ഐടി. മേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി<br>ആഗസ്റ്റ് മുതൽ ഒക്ടോബർ | |

## നൂതന പ്രവർത്തനം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | |
|---|---|---|---|
| 1) വിദ്യാലയവും തുടർച്ചയോടും കൂടി ICT അധിഷ്ഠിത പഠനം<br><br>മലയാളം ടൈപ്പിംഗിൽ എല്ലാ കുഞ്ഞുങ്ങളും വൈദഗ്ധ്യം നേടുന്നു. | ലാബ് സൗകര്യം മെച്ചപ്പെട്ട പശ്ചാത്തലത്തിൽ ലഭ്യമായ കമ്പ്യൂട്ടറുകളിൽ മുഴുവൻ കുട്ടികൾക്കും പരിശീലനം<br><br>* മലയാളം അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>* പ്രീ-ടെസ്റ്റ്<br>* കീ- പരിചയപ്പെടൽ<br>മലയാളം ടൈപ്പിംഗിന്റെ പ്രാഥമിക പാഠങ്ങൾ കുട്ടികൾ പ്രായോഗികമായി പരിശീലിക്കുന്നതിലൂടെ പഠനം ആസ്വാദ്യകരമാകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ<br><br>PS ITC<br><br>PTA |
| 2) ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാനശേഷി വികസനം LSRW ICT യിലൂടെ. | ICT സാധ്യത ഉപയോഗപ്പെടുത്തി E-Cube പദ്ധതിയിലൂടെ English ഭാഷാശേഷി വികസനം — TWINKLE Helping Hands. | June to February. | |

# തനതു പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 3) പുതിയ തലമുറ നേരിടുന്ന ലഹരി, സൈബർ ഇവയുടെ ദോഷവശങ്ങൾ മനസ്സിലാക്കി ബോധവാന്മാരാക്കൽ | സ്കൂൾ ആരംഭത്തിൽ രണ്ടാഴ്ചക്കാലം നൽകുന്ന നല്ലപാഠം പ്രവർത്തനങ്ങളിൽ ഏറെ മുൻതൂക്കം നല്കേണ്ട ലഹരിയുടെ ദോഷങ്ങൾ, സൈബർ ദൂഷ്യവശങ്ങളും ജാഗ്രതയും ഒരു വർഷം മുഴുവനും നീണ്ട പ്രവർത്തനമായി ഏറ്റെടുക്കൽ.. ഇന്നത്തെ തലമുറയുടെ വളർച്ചയ്ക്ക് വിഘാതമാകുന്ന ഇത്തരം അനാവശ്യപ്രവണതകളെ ഉന്മൂലനം ചെയ്യുന്നതിനായി വിദ്യാലയത്തെയും കുടുംബത്തെയും കൂട്ടിയിണക്കി രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണം നല്കൽ വഴി മൂല്യബോധമുള്ള ആത്മവിശ്വാസമുളവാകുന്ന തലമുറയെ സൃഷ്ടിക്കുന്നു. രക്ഷിതാവ് - അധ്യാപകൻ - വിദ്യാർത്ഥി ബന്ധം ദൃഢമാകുന്നതിലൂടെ ഭാവി വിമലീകരിക്കപ്പെടുന്നു. കൗൺസലിംഗ് സംവിധാനം കൂടുതൽ പ്രായോഗികതയിലേക്ക്. | ജൂൺ 3/6/25 മുതൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനം. | ക്ലബ്ബ് കൺവീനർമാർ അധ്യാപകർ PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയരേഖ (കാലയളവ്) | ചുമതല |
|---|---|---|---|
| 4) കൈത്താങ്ങ് ഭാഷാവിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്നവരുടെ ഉന്നമനം. | എൽ. പി. ക്ലാസുകളിൽ മലയാളം, ഇംഗ്ലീഷ് ഭാഷയുടെ വികസനവും പിന്നാക്കം നിൽക്കുന്നവർക്ക് കൈത്താങ്ങാകുന്ന പദ്ധതി. അവസ്ഥാപഠനം നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി എൽ. പി., യു. പി. വിഭാഗം പ്രവർത്തന പാക്കേജ് രൂപപ്പെടുത്തുന്നു. | ക്ലാസ് അധ്യാപിക<br>ഭാഷാധ്യാപകർ<br>LP<br>UP<br>വർഷം മുഴുവൻ. | |
| 5) പുസ്തകം എന്റെ ചങ്ങാതി | വായനാവാരത്തോടെ ആരംഭിക്കുന്ന വായന പ്രവർത്തനങ്ങളെ വർഷം മുഴുവൻ വളരുന്ന പ്രവർത്തനമാക്കി മാറ്റുന്നു. അയൽപക്ക ഗ്രന്ഥശാലാ സന്ദർശനത്തിലൂടെ പുസ്തകങ്ങൾ പരിചയപ്പെടുകയും മാസം തോറും വിതരണം ചെയ്യുന്ന പുസ്തകങ്ങളിലൂടെ വായനക്കാരുമായി ചങ്ങാത്തത്തിലാകുകയും വായനക്കുറിപ്പുകൾ അടങ്ങുന്ന ശേഖരം, മികച്ച കുറിപ്പുകൾ കണ്ടെത്തൽ, വിജയികളെ നിശ്ചയിക്കൽ. | വർഷം മുഴുവൻ | ഭാഷാക്ലബ്ബ് കൺവീനർ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല കാലയളവ് | ചുമതല |
|---|---|---|---|
| വിജ്ഞാനവീഥി | കുട്ടികളിൽ ആനുകാലിക വിഷയങ്ങളെ കുറിച്ച് വിജ്ഞാനം വളർത്തുക എന്ന ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനമാണിത്. തിങ്കൾ മുതൽ വെള്ളിവരെ ആഴ്ചതോറും ആനുകാലിക പ്രസക്തിയുള്ള ചോദ്യങ്ങൾ (പത്തു) സ്കൂൾ നോട്ടീസ് ബോർഡിൽ നൽകുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കുട്ടികൾ കണ്ടെത്തുകയും, വെള്ളി ഉച്ചയ്ക്കു ശേഷം ക്വിസ് നടത്തുന്നു. ഉത്തരങ്ങൾ എഴുതിയവ സ്കൂൾ ബോക്സിൽ ഇടണം. വിജയികളെ കണ്ടെത്തുകയും അസംബ്ലിയിൽ സമ്മാനം നൽകുകയും ചെയ്യുന്നു. തുടർച്ചയായി വിജയികളായ കുട്ടികളെ തെരഞ്ഞെടുത്ത് മാർച്ചിൽ മെഗാ ക്വിസ് സംഘടിപ്പിക്കും. | വർഷം മുഴുവൻ | അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല കാലയളവ് | ചുമതല |
|---|---|---|---|
| സ്കൂൾ പാർലമെന്റ് ഇലക്ഷൻ | ജനാധിപത്യബോധം, തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ എന്നിവ കുട്ടികൾക്ക് മനസിലാക്കികൊടുക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനമാണ് പാർലമെന്റ് ഇലക്ഷൻ. സ്കൂളിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു. | ജൂൺ ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| Healthy Kids | LP വിഭാഗം കുട്ടികൾക്ക് വേണ്ടിയുള്ള കായിക പ്രവർത്തനമാണിത്. കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള indoor, outdoor game ആണ്. | LP വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ |
| കൗൺസിലിംഗ് | കുട്ടികളുടെ മാനസിക ആരോഗ്യം, സ്വഭാവരൂപീകരണം എന്നിവയ്ക്ക് വേണ്ടി സംഘടിപ്പിക്കുന്ന ഒരു ബോധവത്കരണ പരിപാടിയാണിത്. രക്ഷകർത്താക്കൾക്കും ബോധവത്കരണ ക്ലാസ് നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ ആഴ്ചയിലൊരിക്കൽ | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല കാലയളവ് | ചുമതല |
| --- | --- | --- | --- |
| ഹരിത ക്യാമ്പസ് | കുട്ടികളിൽ പരിസ്ഥിതിയവബോധം വളർത്തുന്നതിനും, പ്ലാസ്റ്റിക്കിന്റെ നിർമാർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനമാണിത്. | പരിസ്ഥിതി ദിനത്തിൽ ആരംഭിച്ച് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനം | Eco club കൺവീനർമാർ |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളുടെ പ്രാധാന്യം മനസിലാക്കി കൊടുക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനമാണിത്.<br>* ക്ലാസ് തല പ്രവർത്തനങ്ങൾ<br>* സ്കൂൾ തല പ്രവർത്തനങ്ങൾ<br>* ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് അധ്യാപകർ |
| | | | |